## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5145 — 27.06.2019 ൽ മറുപടിക്ക്

# വൈക്കം മണ്ഡലത്തിലെ ആശുപത്രികൾ

| ചോദ്യം<br>ശ്രീമതി സി.കെ. ആശ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിലൂടെ വൈക്കം നിയോജകമണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ആർദ്രം പദ്ധതിയിലൂടെ വൈക്കം നിയോജക മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. ആർദ്രം മിഷന്റെ ഒന്നാം ഘട്ടത്തിൽ ബ്രഹ്മമംഗലം പി.എച്ച്.സി.യുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു.<br>2. രണ്ടാം ഘട്ടത്തിലെ ഉദയനാപുരം, മറവന്തുരുത്ത് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രമായ കല്ലറയുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. തലയാഴം, വെള്ളൂർ എന്നീ പി.എച്ച്.സി.കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.<br>3. വൈക്കം താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 95,37,00,000/- രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവിടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു ജൂനിയർ കൺസൾട്ടന്റ് (സർജറി), ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വൈക്കം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി)<br>&<br>(സി) | വൈക്കം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം അനുവദിക്കുന്നതിനുള്ള കെട്ടിട നിർമ്മാണ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾക്ക് മെസ്സേഴ്സ് കേരള |

| | | | |
|---|---|---|---|
| (സി) | ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ ഇനി എന്തൊക്കെ നടപടിക്രമങ്ങൾ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ; | | ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി അടിസ്ഥാന സൗകര്യ വികസന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി കഴിഞ്ഞാൽ ഡയാലിസിസ് യൂണിറ്റിനുവേണ്ട ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ഡി) | വൈക്കത്ത് ആരംഭിക്കുന്ന അമ്മയും കുഞ്ഞും ആശുപത്രിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) | വൈക്കത്ത് ആരംഭിക്കുന്ന അമ്മയും കുഞ്ഞും ആശുപത്രിയുടെ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ, ഒന്നാംനില എന്നിവയുടെ നിർമ്മാണം ഏകദേശം പൂർത്തിയായിട്ടുണ്ട്. രണ്ട്, മൂന്ന്, നാല്, അഞ്ച് നിലകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ